(ബി) ഇങ്ങനെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ടവറുകൾ പൂർണ്ണമായും സർക്കാർ ഓഫീസുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിന് തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ഡി) വലിയ തുക വാടക നൽകി പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ റവന്യൂ ടവറിലേക്ക് മാറ്റുന്നതിനോ അല്ലെങ്കിൽ സ്വന്തം കെട്ടിടം നിർമ്മിച്ചു നൽകുന്നതിനോ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോതമംഗലം എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവർ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി) പൂർണ്ണമായി നൽകിയിട്ടില്ല. അടൂർ, തിരുവ[illegible]ശ്ശേരി, കോതമംഗലം എന്നിവിടങ്ങളിലുള്ള റവന്യൂ ടവറുക[illegible]കൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഡി) സ്ഥലസൗകര്യം അനുസരിച്ച് സർക്കാർ ഓഫീസുകൾ റവന്യൂ ടവറുകളിലേക്ക് മാറ്റിവരുന്നുണ്ട്.

പാലക്കുഴി വനമേഖലയിലെ താമസക്കാർക്ക് പട്ടയം

31 [2920] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി-പാലക്കുഴി വനമേഖലയിൽ കഴിഞ്ഞ 25-ലധികം വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കുഴി വനമേഖലയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ മേഖലയിൽ ആകെ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവരിൽ എത്രയാൾക്കാർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 1-1-1977-ന് മുമ്പ് വനഭൂമി കൈയേറിയവരെ കണ്ടെത്തുന്നതിന് റവന്യൂ, വനം, സർവ്വേ അധികൃതർ സംയുക്ത സർവ്വേ നടത്തി വരുന്നുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാലക്കുഴി വന മേഖലയിൽ താമസിക്കുന്ന ആൾക്കാർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും ആവശ്യമാണ്.

(സി) ഈ പ്രദേശത്ത് 141 കുടുംബങ്ങൾ താമസിക്കുന്നതായി അറിയുന്നു.

(ഡി) റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന കഴിഞ്ഞ് അർഹത പ്പെട്ടവരുണ്ടെങ്കിൽ നിശ്ചിത മാതൃകയിൽ അപേക്ഷ വാങ്ങി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മുഴുവൻ അപേക്ഷകർക്കും പട്ടയം

32 [2921] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, എ. എൻ. രാജൻബാബു :

,, കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടയത്തിന് വേണ്ടിയുള്ള അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ അപേക്ഷകർക്ക് പട്ടയം നൽകുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) ഈ തടസ്സങ്ങൾ നീക്കി മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടയത്തിനു വേണ്ടിയുള്ള 29750 അപേക്ഷകൾ നിലവിലുണ്ട്.

(ബി) ഭൂമി പതിവ് അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള നിയമങ്ങളും/ചട്ടങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളൂ.

(സി) അർഹരായ മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly